LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ടി. പി. ഫണ്ടുപയോഗിച്ച് ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ

44 [596] ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എ. സുജനപാൽ:
,, കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ ഫണ്ടുപയോഗിച്ച് ഏതെല്ലാം റോഡുകളുടെ വികസന പണികളാണ് ഏറ്റെടുക്കേണ്ടതെന്നും അവയുടെ ഗുണനിലവാരം എപ്രകാരമായിരിക്കണമെന്നും തീരുമാനിക്കുന്നതിന് ആലോചനാ യോഗങ്ങൾ കൂടാറുണ്ടോ;

(ബി) പ്രസ്തുത യോഗങ്ങളിൽ ആരെല്ലാമാണ് പങ്കെടുക്കേണ്ടത്;

(സി) ഇപ്പോൾ ഈ പ്രോജക്ട് അനുസരിച്ച് ഏറ്റെടുത്തിട്ടുള്ള വർക്കുകൾ ഇപ്രകാരം ആലോചനായോഗങ്ങൾ കൂടിയതിന്റെ അടിസ്ഥാനത്തിലാണോ ഏറ്റെടുത്തിട്ടുള്ളത് എന്നറിയിക്കാമോ; അല്ലാത്തപക്ഷം ഏതെല്ലാം വർക്കുകളാണ് ഇപ്രകാരമുള്ള ആലോചനായോഗത്തിന്റെ തീരുമാനമില്ലാതെ ഏറ്റെടുത്തിട്ടുള്ളതെന്നും പറയാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, ചീഫ് എഞ്ചിനീയർ (ആർ & ബി), ചീഫ് എഞ്ചിനീയർ (എൻ. എച്ച്.), സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, ഡയറക്ടർ (പ്രോജക്ട് മാനേജ്മെന്റ് ടീം), എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, കൺസൾട്ടന്റ് തുടങ്ങിയവർ.

(സി) റോഡുകളുടെ Economic Internal Rate of Returns (EIRR), Connectivity, Economic feasibility, Technical viability എന്നിവ. ആലോചനാ യോഗത്തിൽ പരിശോധിച്ചശേഷമാണ് റോഡുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും കെ.എസ്.ടി.പി. ഏറ്റെടുത്ത റോഡുകൾ

45 [597] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ട്രാൻസ്പോർട്ട് പ്രോജക്ടിൻകീഴിൽ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഈ റോഡുകളിൽ എന്തൊക്കെ പണികൾ ചെയ്യുന്നതിനാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്;